**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 53** **12-10-2026-ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നത്.**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2004 മുതൽ വിവിധ വർഷങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താത്കാലികമായി ജോലി ചെയ്ത പിരിച്ചു വിടപ്പെട്ട ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

**മറുപടി:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ വകുപ്പുകളിൽ 2004 മുതൽ താൽക്കാലികമായി ജോലി ചെയ്ത പിരിച്ചു വിടപ്പെട്ട ഭിന്നശേഷിക്കാരെ പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**(ബി)** 2004 ജനവരി മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക ജീവനക്കാരായി 179 ദിവസം വരെ ജോലി ചെയ്ത പിരിച്ചു വിടപ്പെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ പുനർനിയമനം നൽകി സ്ഥിരപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ വിവിധ സർക്കാർ ബോർഡുകളിലോ, സർവ്വകലാശാലകളിലോ,സഹകരണ, എയ്ഡഡ് സ്ഥാപനങ്ങളിലോ നിയമനം നൽകി സ്ഥിരപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണയിലുണ്ടോയെന്ന് വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**